# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ, ഐ.എഫ്.എസ്**

വിഷയം:- കേരള വനം വകുപ്പ് - ജീവനക്കാര്യം- തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഒരു ക്ലർക്ക് തസ്തിക തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷനിലെ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലേക്ക് പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. തിരുവനന്തപുരം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ ഫോറസ്റ്റ് കൺസർവേറ്ററുടെ 30.08.2019 തീയതിയിലെ എ.ബി.പി.(1)-626/2014 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 28.12.2018 തീയതിയിലെ ഇ3-63508/2018 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ3-63508/2018 തീയതി 10.10.2019**

തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷന് കീഴിൽ നെയ്യാർ, പേപ്പാറ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് എന്നീ മൂന്ന് റെയിഞ്ചുകൾ ആണ് ഉളളത്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച് ഒഴികെയുളള രണ്ട് റെയിഞ്ചിലും ക്ലർക്കിന്റെ തസ്തിക നിലവിലുണ്ട്. 2006-ൽ രൂപംകൊണ്ട അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിൽ ഒരു അസിസ്റ്റന്റ് വൈൽഡ്ലൈഫ് വാർഡൻ, അഞ്ച് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, പത്ത് ബീറ്റ് ഫോറസ്റ്റ് ഓഫീസർ, മൂന്ന് ട്രൈബൽ വാച്ചർ, ഒരു ഫോറസ്റ്റ് വാച്ചർ, അഞ്ച് ആനപാപ്പാൻ എന്നിവയുൾപ്പെടെ ആകെ 25 സ്ഥിര ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. മേൽ പരാമർശിച്ച സ്ഥിര തസ്തികകളുടെ ജീവനക്കാര്യം, ദിവസവേതന ജീവനക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പ്രഥമ പരിഗണന അർഹിക്കുന്ന Elephant Rehabilitation Centre-ലെ ആനപരിപാലനം, ഓഫീസ് റെക്കോർഡുകളുടെ സൂക്ഷിപ്പ്, ക്രമീകരണം എന്നിവ നിർവ്വഹിക്കുന്നതിന് ഒരു ക്ലർക്ക് തസ്തിക ഇല്ലാത്തതിനാൽ ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുവെന്നും, അതിനാൽ ഒരു ക്ലർക്കിന്റെ തസ്തിക അനുവദിക്കണമെന്നും സൂചന (1) പ്രകാരം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് ഫോറസ്റ്റ് കൺസർവേറ്റർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച വിഷയങ്ങൾ വിശദമായി പരിശോധിച്ചു. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് ഫോറസ്റ്റ് കൺസർവേറ്റർ സമർപ്പിച്ച കത്തിൽ വസ്തുതയുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, സൂചന (2) പ്രകാരം

കൊല്ലം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ സൗത്ത്)-ന്റെ കാര്യാലയത്തിൽ നിന്നും തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലേക്ക് പുനർവിന്യസിച്ച ഒരു ക്ലർക്ക് തസ്തിക സർക്കാർ അനുമതിയ്ക്ക് വിധേയമായി അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ചിലേക്ക് പുനർവിന്യസിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

15/10/19

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പിന് സമർപ്പിക്കുന്നു. (ആമുഖ കത്ത് സഹിതം)
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലത്തിന് അറിവിലേക്കായി നൽകുന്നു.
3. ഫോറസ്റ്റ് കൺസർവേറ്റർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്കിന് അറിവിലേക്കായി നൽകുന്നു.
4. ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, കൊല്ലത്തിന് അറിവിലേക്കായി നൽകുന്നു.